MALAYALAM

# HYMN-BOOK

# ക്രിസ്തീയഗീതങ്ങൾ

Seventh Revised Edition, 5000 Copies.

ഞാൻ ഉള്ള നാൾ ഒക്കയും യഹോവെക്കു സ്തുതിപാടും.
സങ്കീൎത്തനം ൧൦൪, ൩൩.

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1898

PRINTED AT THE BASEL MISSION PRESS, MANGALORE.

# അടക്കം.


| | | പാട്ടു. |
|---|---|---|
| 1. | ഞായറാഴ്ചപാട്ടുകൾ . . . . . . . . . . | 1 – 16 |
| 2. | മശീഹാഗമനം . . . . . . . . . . | 17 – 21 |
| 3. | യേശു ജനനാദി . . . . . . . . . . | 22 – 41 |
| 4. | യേശു കഷ്ടമരണങ്ങൾ . . . . . . . . | 42 – 58 |
| 5. | യേശു പുനരുത്ഥാനം . . . . . . . . | 59 – 65 |
| 6. | യേശു സ്വൎഗ്ഗാരോഹണം . . . . . . . . | 66 – 68 |
| 7. | പെന്തെകോസ്ത് . . . . . . . . . | 69 – 72 |
| 8. | സഭാഗീതങ്ങൾ . . . . . . . . . . . | 73 – 81 |
| 9. | തിരുസ്നാനം . . . . . . . . . . . . | 82 – 84 |
| 10. | സ്ഥിരീകരണം . . . . . . . . . . | 85 – 88 |
| 11. | തിരുവത്താഴം . . . . . . . . . . . | 89 – 94 |
| 12. | മാനസാന്തരം . . . . . . . . . . | 95 – 100 |
| 13. | രക്ഷാഗീതങ്ങൾ . . . . . . . . . . | 101 – 120 |
| 14. | സ്തുതികൾ . . . . . . . . . . . | 121 – 135 |
| 15. | പ്രതിജ്ഞകൾ . . . . . . . . . . . | 136 – 146 |
| 16. | പ്രാൎത്ഥനകൾ . . . . . . . . . . . | 147 – 159 |
| 17. | യേശുവോടെ യോഗം . . . . . . . | 160 – 176 |
| 18. | ദിവ്യസമാധാനം . . . . . . . . . | 177 – 182 |
| 19. | ആശ്വാസഗീതങ്ങൾ . . . . . . . . . | 183 – 194 |
| 20. | യാത്രാപ്രബോധനങ്ങൾ . . . . . . . | 195 – 210 |
| 21. | കാലഗീതങ്ങൾ | |
| | A. സന്ധ്യകളിൽ . . . . . . . . . | 211 – 219 |
| | B. ഭക്ഷണത്തിങ്കൽ . . . . . . . . | 220 – 223 |
| | C. വൎഷാരംഭാദികാലമാററത്തിങ്കൽ . . . | 224 – 227 |

# 1. ഞായറാഴ്ച്ചപാട്ടുകൾ.

## LORD'S DAY.

൧.

Allein Gott in der Höh sei. 122.

൧. അത്യുന്നതന്നത്രേ സ്തുതി,
അവൻ കൃപെക്കു സ്തോത്രം!
നാമല്ലോ ഇഷ്ടസന്തതി,
പ്രസാദം വന്ന ഗോത്രം;
കഴിഞ്ഞുതേ പഴയ പോർ,
നാം ആപത്തിന്നു തെററിയോർ;
നിറഞ്ഞു സമാധാനം.

൨. പിതാവേ, നിന്റെ ശക്തിയും
തേജസ്സും ഞങ്ങൾ ഇന്നു
പുകണ്ണു വാഴ്ത്തി കുമ്പിടും
നിന്തിരുമുമ്പിൽനിന്നു;
മാറാത്തു നിന്റെ രാജത്വം,
നടക്കുന്നുണ്ടു നിൻ ഹിതം;
മതി ഈ നല്ല നാഥൻ.

൩. ഹാ യേശു ക്രിസ്തു, വാഴുക,
സ്വൎഗ്ഗസ്ഥനേകജാതൻ!
നശിച്ചവൎക്കു നീ തുണ,
നിന്നാലിണങ്ങി താതൻ;

ദരിദ്രക്കൂട്ടം കേൾക്കേണം,
കനിഞ്ഞു കൊൾക നിൻജനം,
വിശുദ്ധമാം കുഞ്ഞാടേ!

൩. സഭെക്ക വേണ്ടും കാൎയ്യസ്ഥൻ
സദാത്മാ, നീയേ മാത്രം;
അതിനിമേലിൽ മുഴവൻ
ആസ്തീരുക നിൻ പാത്രം.
നീ യേശുവെ വിളങ്ങിച്ചും,
പിശാചിനോടു പൊരുതും,
ഈ തേറിയോരിൽ വാഴ്ക!

*H. G.*

---

൨.

Herr Jesu Christ, dich zu uns wend. (L. M.) 33.

൧. ഈ അന്ധകാരകാലത്തിൽ
നടുവിൽ പാൎക്ക, യേശുവേ;
വെളിച്ചവാക്ക സഭയിൽ
ദിനേന നീ നല്കേണമേ.

൨. നീ എന്നിയേ ഈ ലോകത്തുൾ
നിൻ കൂട്ടം മേയ്പാൻ ആരുണ്ടാം?
വിശുദ്ധവചനപ്പൊരുൾ
ഏകേണമേ അവൎക്കെല്ലാം.

൩. പിശാചിൻ ഉഗ്രകൈകളിൽ
ഉൾപ്പെട്ടതേ വിടീക്കഹോ;
അറ്റന്നു ക്രിസ്തുഭക്തരിൽ
ഒരവകാശം ഇല്ലല്ലോ!